# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4786** 01-07-2013-ൽ മറുപടിയ്ക്ക്

**സംവരണ പ്രകാരം ജോലി ലഭിക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം. ചന്ദ്രൻ** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിൽ പിന്നോക്ക വിഭാഗക്കാർക്കും പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർക്കും നിശ്ചയിച്ച സംവരണ പ്രകാരം ജോലി ലഭ്യമാക്കിയിട്ടുണ്ടോ ; | (എ) (ബി) (സി) & (ഡി) | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് 02-02-2006-ലെ സ.ഉ.(പി) നം. 8/06/പജപവവിവ പ്രകാരം സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതുപ്രകാരം 21-07-2010-ലെ സ.ഉ.(എം.എസ്) നം. 83/2010/പജപവവിവ അനുസരിച്ച് സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയുണ്ടായി. 20-08-2011-ലെ സ.ഉ (എം.എസ്) നം. 85/2011/പജപവവിവ പ്രകാരം പ്രസ്തുത ഉന്നതാധികാര സമിതി പുന:സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരം ശേഖരിച്ച് ഉന്നതാധികാര സമിതിയിൽ വിലയിരുത്തിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ ഗസറ്റഡ്, നോൺഗസറ്റഡ്, ലാസ്റ്റ്ഗ്രേഡ് വിഭാഗങ്ങളിലെ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി അവലോകനം നടത്തുകയും പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ആകെ നിലവിലുള്ള തസ്തികയുടെ 10% ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രാതിനിധ്യം കുറവുള്ള വകുപ്പുകളിൽ തസ്തികകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഒഴിവുകൾ അതാത് |
| (ബി) | ഇല്ലെങ്കിൽ ഏതെല്ലാം സമുദായക്കാർക്കാണ് സംവരണാനുകൂല്യം നഷ്ടമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | നഷ്ടപ്പെട്ടിട്ടുള്ള വിഭാഗത്തിന് സംവരണം നല്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | | |
| (ഡി) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | വകുപ്പുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. വിവിധ വകുപ്പുകളിലെ ഇത്തരം ഒഴിവുകളെ സംബന്ധിച്ചുള്ള നിയമന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് മാസംതോറും വിവിധ വകുപ്പുകളിൽനിന്ന് സർക്കാർ ശേഖരിക്കുകയും അവലോകനം ചെയ്ത റിപ്പോർട്ട് വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും വീഴ്ച വരുത്തുന്ന വകുപ്പുകളിൽ നിയമനം ത്വരിതപ്പെടുത്തുന്ന തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു |

Harikumar
സെക്ഷൻ ഓഫീസർ